2018 നവംമ്പർ 28 നു രാവിലെ 11.30 മണിക്ക് മലപ്പുറ ഹോട്ടൽ പ്രാശാന്ത് ഓഡിറ്റോറി യത്തിൽ കൂടിയ റിട്ടയേർഡ് റവന്യൂ കൂട്ടായ്മ ജില്ലാ എക്സിക്യൂട്ടീവ് /കമ്മിറ്റി യോഗത്തിന്റെ മിനുറ്റ്സ്.

<u>പങ്കെടുത്തവർ</u>

1) ശ്രീ.പി.ടി.തങ്കപ്പൻ, ജില്ലാ ട്രഷറർ

2) ശ്രീ.പി.പി.എം.അഷ്റഫ് ജില്ലാ പ്രസിഡന്റു

3) ശ്രീ.പി.രാവുണ്ണികുട്ടി നായർ, ചേലേമ്പ്ര

4) ശ്രീ. പി.സത്യകുമാരൻ,, ജില്ലാ സെക്രട്ടറി

6) ശ്രീ.കെ.നാരായണൻ കുട്ടി,ഒഴൂർ

7) ശ്രീമതി കെ.വി.വിലാസിനി,തൃക്കലങ്ങോട്

8 ശ്രീ.കെ പി. ഹരിദാസ്, കൂറ്റനാട്

9 ശ്രീ.കെ.സി.മോഹനൻ,മലപ്പുറം

10) ശ്രീ. പി.ഗോപാലകൃഷ്ണൻ,വളാഞ്ചേരി

11) ശ്രീ.പി.കെ.അച്ചുതൻ,മൂന്നിയൂർ

12) ശ്രീ. എം.അബുബക്കർ,തിരൂരങ്ങാടി

13) ശ്രീ. ദജി.ഉണ്ണികൃഷ്ണ പിള്ള, അങ്ങാടിപ്പുറം

14) ശ്രീ. പി.അബ്ദുൾ ഖാദർ ,കൊടൂർ

15) ശ്രീ.പി.കെ.ശേഖരൻ. തിരൂർ

16) ശ്രീ.പി.രാമചന്ദ്രൻ,വള്ളിക്കുന്നു

17) ശ്രീ. കെ.ബാലകൃഷ്ണൻ, പെരിന്തൽമണ്ണ

18) ശ്രീ. എൻ.ബിഎ.ഹമീദ്,മലപ്പുറം

19) ശ്രീ.കെ.സുബൈർ,കോടൂർ

20) ശ്രീ. എൻ.മുഹമ്മദ്കുട്ടി,

21) ശ്രീ.സി.സുരീന്ദ്രൻ വണ്ടൂർ

## <u>അജണ്ട</u>

1 മൌന പ്രാർത്ഥന

2 സ്വാഗതം : ശ്രീ. പി.ഗോപാലകൃഷ്ണൻ,വളാഞ്ചേരി

3 ആദ്ധ്യക്ഷ പ്രസംഗം :ശ്രീ.പി.പി.എം.അഷ്റഫ്, പ്രസിഡന്റു.

5 ജില്ലാ തല പ്രവർത്തന റിപ്പോർട്ട് ശ്രീ.പി.സത്യകുമാരൻ,സെക്രട്ടറി

6 വരവ്ചെലവ് റിപ്പോർട്ട് :ശ്രീ.പി.ടി.തങ്കപ്പൻ,ട്രഷറർ

7 മുതിർന്ന പൌരന്മാരുടെ അവകാശങ്ങളെപ്പറ്റി താലൂക്ക് തല ബോധവൽക്കരണ പരിപാടികൾ

(1) കൂട്ടായ്മ രജിസ്ട്രേഷൻ റിനീവൽ

(3) വാർത്താ പത്രിക

4) പുതുവത്സരാഘോഷം,ജനറൽ ബോഡി

6) വിനോദ യാത്ര

(7) മറ്റു വിഷയങ്ങൾ

നന്ദി പ്രകാശനം ശ്രീ.കെ.സി.മോഹനൻ

രാവിലെ 11 .30 മണിക്ക് മൌന പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.. ശ്രീ. പി. ഗോപാലകൃഷ്ണൻ,വളാഞ്ചേരി സ്വാഗത പ്രസംഗത്തിൽ കൂട്ടായ്മ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പരാമർശിച്ചു ജില്ലാ പ്രസിഡന്റു..ശ്രീ.പി.പി.എം അഷ്റഫ് ആദ്ധ്യക്ഷ പ്രസംഗത്തിൽകൂടുതൽ അംഗങ്ങളെ ചേർത്തു കൂട്ടായ്മ വിപുലികരിക്കേണ്ടതാണെന്നു അഭിപ്രായപ്പെട്ടു.1-12-2018 നു ചേലേമ്പ്ര ദേവകി മെമ്മോറിയൽ ബി.എഡ് കോളേജിൽ നടക്കുന്ന മുതിർന്ന പൌരന്മാരുടെ അവകാശങ്ങളെപ്പറ്റി താലൂക്ക് തലബോധവൽക്കരണ പരിപാടിയിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്നു നിർദ്ദേശിച്ചു.

ശ്രീ.പി.സത്യകുമാരൻ,സെക്രട്ടറി വാർഷിക പ്രവർത്തന റിപ്പോർട്ടും, ശ്രീ.പി.ടി .തങ്കപ്പൻ, ട്രഷറർ വരവ്ചെലവ് അവതരിപ്പിച്ചു. റിപ്പോർട്ടുകൾ ചർച്ചചെയ്തു അഗീകരിച്ചു. അംഗീതരിച്ച റിപ്പോർട്ടുകൾ വാർത്താ പത്രികയിൽ പ്രസിദ്ധകരിക്കാൻ തീരുമാനിച്ചു .ഓഡിറ്റ് കഴിയാത്തതിനാൽ ഓഡിറ്റ് റിപ്പോർട്ടും മറുപടിയും തയ്യാറാക്കി ജനറൽ ബോഡിയിൽ അവതരിപ്പിച്ചാൽ മതിയെന്നു തീരുമാനിച്ചു.

വാർത്താ പത്രിക തയ്യാറാക്കാൻ ശ്രീ. എൻ.ബിഎ.ഹമീദ്, ശ്രീ.പി.രാവുണ്ണികുട്ടി നായർ എന്നിവരെ ചുമതലപ്പെടുത്തി.പുതുവത്സാരാഘോഷവും,ജനറൽബോഡിയും കുടുംബസംഗമവും 2019 ജനുവരി മാസം ഒന്നാം തിയ്യതിയിൽ നടത്താൻ തീരുമാനിച്ചു. 26-12-2018 നു രാവിലെ 11 മണിക്ക് മലപ്പും ഹോട്ടൽ പ്രശാന്തിൽ പഴയതും പുതിയതായി തിരഞ്ഞെടുക്കുന്ന ജില്ലാ കൌൺസിൽ കൂടി ജില്ലാ ഭാരവാഹികളെ താരഞ്ഞെടുക്കാൻ തീരുമാനിച്ചു.എല്ലാ താലൂക്ക് കമ്മിറ്റികളും ഡിസംബർ പത്തിനു മുമ്പായി ജനറൽ ബോഡി വിളിച്ചു കൂട്ടി പുതിയ താലൂക്ക് കമ്മിറ്റിയും പുതിയ ജില്ലാ കൌൺസിൽ അംഗങ്ങളെ തിരഞ്ഞെടുത്ത് ലിസ്റ്റ് 15-12-2018 നു മുമ്പായി ജില്ലാ കമ്മിററിയെ അറിയിക്കണം.

2019 ജനുവരി ഒന്നിനു നടക്കുന്ന ജനറൽ ബോഡിയിൽ ഹാജരാകുന്ന അംഗങ്ങളിൽ നിന്നു രജിസ്ട്രേഷൻ ഫീസായി 200/-രൂപയും. വരി സംഖ്യ കുടിശികയും വസൂലാക്കണം. രജിസ്ട്രേഷൻ ഫീസ് നൽകുന്ന അംഗത്തിനു പുതുവത്സര ഗിഫ്റ്റ് നൽകേണ്ടതാണ്.

വിനോദ യാത്ര പുതു വത്സരാഘോഷത്തിനു ശേഷം നിലവിൽ വരുന്ന കമ്മിറ്റിയുടെ തീരുമാനത്തിനു വിടാൻ തീരുമാനിച്ചു. ശ്രീ. എൻ.ബിഎ.ഹമീദ് നന്ദി പറഞ്ഞതോടെ യോഗം 1 മണിക്ക് അവസാനിച്ചു.